**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6384** **10-07-2024 - ൽ മറുപടിയ്ക്ക്**

**കൃത്രിമ പാര് സ്ഥാപിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. ഇ കെ വിജയൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥാ വ്യതിയാനം, മലിനീകരണം, അമിത മത്സ്യബന്ധനം എന്നിവ മൂലം തീരക്കടലിന്റെ അടിത്തട്ടിലെ മത്സ്യ ആവാസ വ്യവസ്ഥയ്ക്ക് വലിയരീതിയിലുള്ള മാറ്റങ്ങൾ സംഭവിച്ചിട്ടുള്ളത് വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഫിഷറീസ് വകുപ്പ് പഠനം നടത്തിയിട്ടില്ല. |
| (ബി) | കടലിന്റെ അടിത്തട്ടിലെ സ്വാഭാവിക മത്സ്യപ്രജനന കേന്ദ്രങ്ങൾക്കുണ്ടായിട്ടുള്ള കുറവ് ഒരു പരിധിവരെ പരിഹരിക്കുന്നതിന് വേണ്ടി പവിഴപ്പുറ്റുകൾക്ക് സമാനമായ കൃത്രിമ ആവാസ സങ്കേതങ്ങൾ സൃഷ്ടിക്കുന്ന കൃത്രിമ പാര് സ്ഥാപിക്കുന്ന പ്രവർത്തനത്തിന്റെ പുരോഗതി വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യം ലഭിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>2011-12 സാമ്പത്തിക വർഷം മുതൽ 2021-22 വരെ തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിൽ 4190 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചുകഴിഞ്ഞു.<br><br>"കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള തീരത്തു സുസ്ഥിര മത്സ്യബന്ധനവും ഉപജീവന മാർഗ്ഗങ്ങളുടെയും വർധിപ്പിക്കൽ ഒന്നാം ഘട്ടം" എന്ന പദ്ധതിക്ക് പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം 13.02 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 60% തുകയായ 7.812 കോടി രൂപ കേന്ദ്ര വിഹിതവും 40% തുകയായ 5.208 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുത്ത 33 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിലെ 42 സൈറ്റുകളിലായി ആകെ 6300 കൃത്രിമപ്പാരുകൾ നിക്ഷേപിക്കുകയും ചെയ്തു. |
| (സി) | കൃത്രിമ പാരുകളുടെ നിക്ഷേപം മൂലം കടൽ മത്സ്യ ഉല്പാദനത്തിൽ അടുത്ത കാലഘട്ടത്തിൽ | (സി) | പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വർദ്ധനവുണ്ടായ സാഹചര്യത്തിൽ കൂടുതൽ കൃത്രിമ പാര് സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | | "കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള തീരത്തു സുസ്ഥിര മത്സ്യബന്ധനവും ഉപജീവന മാർഗ്ഗങ്ങളുടെയും വർധിപ്പിക്കൽ രണ്ടാം ഘട്ടം" എന്ന പദ്ധതി കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 96 മത്സ്യഗ്രാമങ്ങളിൽ നടപ്പാക്കുന്നതിന് 29.76 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിയുടെ മൂന്നാം ഘട്ടം മലപ്പുറം, കോഴിക്കോട് കണ്ണൂർ, കാസർകോഡ് ജില്ലകളിലെ 96 മത്സ്യഗ്രമാങ്ങളിലായി നടപ്പാക്കുന്നതിന് 25.8285 കോടി രൂപയുടെ പദ്ധതിയും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | മത്സ്യ ആവാസ വ്യവസ്ഥയെ തകർക്കുന്ന നിരോധിത വലകൾ ഉപയോഗിച്ചുകൊണ്ടുള്ള ട്രോളിംഗ് രീതികൾ പൂർണ്ണമായും നിരോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ? | (ഡി) | പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, ബുൾ ട്രോൾ (പെയർ ട്രോൾ), മുൻകൂർ അനുമതി വാങ്ങാത്ത മറ്റു പുതിയതരം വലകൾ എന്നിവയാണ് കെ.എം.എഫ്.ആർ ആക്റ്റി ന്റെയും കെ.എം.എഫ്.ആർ റൂളിന്റെയും അടിസ്ഥാനത്തിൽ കേരളത്തിൽ നിരോധിച്ചിട്ടുള്ള മത്സ്യബന്ധന വലകൾ. ഇത് കൂടാതെ റിംഗ് സീൻ, ബോട്ടം ട്രോൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം സർക്കാർ വിജ്ഞാപനം ചെയ്യുന്ന പ്രദേശങ്ങളിലും, സമയങ്ങളിലും നിയന്ത്രി ച്ചിട്ടുണ്ട്. ഇത്തരം വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതികൾ ശ്രദ്ധയിൽ പ്പെട്ടാൽ ആയതു നിയന്ത്രിയ്ക്കുന്നതിന് കെ.എം.എഫ്.ആർ ആക്റ്റിലേയും റൂളിലേയും ബന്ധപ്പെട്ട വകുപ്പുകളുടെ അടിസ്ഥാ നത്തിൽ കർശനമായ നിയന്ത്രണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഫിഷറീസ് വകുപ്പും, മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിയമ ലംഘനം നടത്തുന്ന യാനങ്ങളെ ഇമ്പൗണ്ട് ചെയ്ത് പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുന്നത് കൂടാതെ, നിരോധിത വലകൾ ഉപയോഗിയ്ക്കുന്നത് കൊണ്ടുണ്ടാകുന്ന ദോഷ ഫലങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ബോധ്യപ്പെടുത്തി ക്കൊടുക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിയ്ക്കുകയും ചെയ്യുന്നുണ്ട്.<br><br>കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ നിയമം 1980 പ്രകാരം കൊല്ലംകോട് മുതൽ പറവൂർ പൊഴിക്കര വരെ തീരത്തു നിന്ന് 30 മീറ്റർ ആഴം വരെയും പറവൂർ പൊഴിക്കര മുതൽ ബങ്കാരമഞ്ചേശ്വരം വരെ തീരത്തു നിന്നും 20 മീറ്റർ ആഴം വരെയും യന്ത്രവല്കൃത മത്സ്യബന്ധന ബോട്ടുകൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തു രജിസ്റ്റർ ചെയ്തിട്ടുള്ള യന്ത്രവല്കൃത യാനങ്ങളിൽ 20 മീറ്ററിനു മുകളിൽ നീളമുള്ളതും 250 HP ക്കു മുകളിൽ എഞ്ചിൻ ശേഷിയുള്ളതുമായ ബോട്ടുകൾക്ക് സംസ്ഥാനത്തിന്റെ തീരക്കടലിൽ (12 നോട്ടിക്കൽ മൈലിനുള്ളിൽ) ഫിഷിങ് നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കിയിട്ടുണ്ട്. പ്രധാന വലകളുടെ പരമാവധി വലിപ്പവും, കുറഞ്ഞ കണ്ണിവലിപ്പവും നിശ്ചയിച്ച് നടപ്പിലാക്കി. 2017 ലെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ (ഭേദഗതി) ആക്റ്റിന്റെയും 2018 ലെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ റൂളിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തിലെ മത്സ്യബന്ധന വലകൾ നിർമ്മിക്കുന്ന എല്ലാ ഫാക്ടറികൾക്കും ഫിഷറീസ് വകുപ്പിൽ രജിസ്ട്രേഷൻ ഏർപ്പെടുത്തുകയും അവിടെ അനുവദനീയമായ കണ്ണിവലിപ്പവും ആകെ വലിപ്പവും ഉള്ള വലകളാണ് നിർമ്മിക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യസമ്പത്ത് സംരക്ഷിച്ച് ഉപയോഗപ്പെടുത്തുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് പുതുതായി രൂപീകരിച്ചിട്ടുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനവും പ്രയോജനപ്പെടുത്തുന്നുണ്ട്. പുതുക്കിയ കെ.എം.എഫ്.ആർ ചട്ടം അനുസരിച്ച് നശീകരണ മത്സ്യബന്ധന രീതികളായ ഡൈനാമൈറ്റ് പോലുള്ള സ്ഫോടക വസ്തുക്കൾ, വിഷം, മറ്റ് മാരകമായ രാസവസ്തുക്കൾ, അനുവദനീയമായതിലും കൂടുതലുള്ള കൃത്രിമ പ്രകാശം എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും, തെങ്ങിന്റെ ക്ലാഞ്ഞിൽ, വൃക്ഷ ശിഖരങ്ങൾ എന്നിവ ഉപയോഗിച്ചും പ്ലാസ്റ്റിക് ബോട്ടിലുകൾ, ഉപയോഗശൂന്യമായ വല എന്നിവ കൂട്ടികെട്ടിയുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ